ത്രിവേണി, നന്മ, നീതി സ്റ്റോറുകൾ

115(2316) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ത്രിവേണി, നന്മ, നീതി സ്റ്റോറുകളിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് നിലവിൽ സബ്സിഡി ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾവഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് നിലവിൽ സബ്സിഡി ലഭിക്കുന്നില്ല. എന്നിരുന്നാലും ഗുണമേന്മയുള്ള സാധനങ്ങൾ പൊതുവിപണിയിൽനിന്നും കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ പ്രസ്തുത സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നുണ്ട്.

(സി) ത്രിവേണി/നന്മ/നീതി സ്റ്റോറുകളിലൂടെ മാത്രമാണ് പൊതുവിപണിയിൽ നിന്നും 10% മുതൽ 20% വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തിരുന്നത്. കൺസ്യൂമർഫെഡ് നേരിട്ടു നടത്തുന്നതും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നതുമായ നന്മ സ്റ്റോറുകളിലൂടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. വിലക്കയറ്റത്തിന് സാധ്യതയുള്ള ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടെ ഉത്സവകാല വിപണന മേളകൾ കൺസ്യൂമർഫെഡ് മുഖാന്തിരം സഹകരണ വകുപ്പ് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുമാർക്കറ്റിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ത്രിവേണി, നന്മ സ്റ്റോർ എന്നിവിടങ്ങളിൽ സ്റ്റോക്ക് എത്തിക്കുന്നതിനും ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുന്നതിനും മൊബൈൽ ത്രിവേണികളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി പ്രവർത്തനം പുനരാരംഭിക്കുന്നതിനും കൺസ്യൂമർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായി ക്വട്ടേഷൻ ക്ഷണിച്ച് പർച്ചേയ്സ് നടത്തുന്നതിലൂടെ പൊതുവിപണിയിൽ വില കുറയുന്നതിന് ഇടയാക്കുകയും പർച്ചേയ്സ് മാനുവൽ തയ്യാറാക്കുന്നതിലൂടെ സാധനങ്ങളുടെ പർച്ചേയ്സ് സുതാര്യമാക്കുകയും ചെയ്തിട്ടുണ്ട്.

സുവർണ്ണ കേരളം പദ്ധതി

116(2317) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണമേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതികൊണ്ട് പ്രധാനമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിഷമയമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം നടത്തുന്നു. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ആണ് ഇതിന്റെ മേൽനോട്ടം വഹിച്ചുവരുന്നത്. ഇതിലേയ്ക്കാവശ്യമായ തൈകൾ, വിത്തുകൾ എന്നിവ സൗജന്യമായോ മിതമായ വിലയ്ക്കോ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. കൃഷി ചെയ്യുന്നതിനു വേണ്ടി കാർഷിക വായ്പയും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly